കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1986 മാർച്ച് 19, ബുധൻ

വാല്യം LXVI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 1986 മാർച്ച് 19-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(1) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മാതൃകാ സ്റ്റേറ്റ് കാഷ്യൂ പ്രോജക്ട്

* 47 [50] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, കെ. സി. ജോസഫ് :
,, കെ. കെ. തോമസ് :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന മാതൃകാ സ്റ്റേറ്റ് കാഷ്യൂ പ്രോജക്ട് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിയിൽ ഓരോ വിഭാഗത്തിലും വകയിരുത്തിയ തുകയിൽ 1986 മാർച്ച് 1 വരെ ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സ്കീമിൽ എത്ര റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് ;

(ഡി) ഇനിയും ഈ സ്കീമിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) 1980-81-ലാണ് ഈ പദ്ധതി ആരംഭിച്ചത്. കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പാക്കിവരുന്നു. ചെറുകിട കർഷകരുടെ കൃഷിയിടങ്ങളിൽ 10,000 ഹെക്ടർ സ്ഥലത്തും പ്ലാന്റേഷൻ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

2275 ഹെക്ടർ സ്ഥലത്തും പുതിയ കശുമാവിൻ തോട്ടങ്ങളുണ്ടാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കൂടാതെ പദ്ധതി പ്രദേശത്ത് 150 കിലോമീറ്റർ നീളം വരുന്ന 32 റോഡുകളുടെ വികസനവും ലക്ഷ്യമാക്കിയിട്ടുണ്ട്.

(ബി) ചെറുകിട കർഷകർക്ക് വായ്പയും സബ്സിഡിയും നൽകുന്നതിന് 364.15 ലക്ഷം രൂപ വകയിരുത്തിയതിൽ 304.33 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

കാഷ്യൂ യൂണിറ്റുകളുടെ ആവശ്യത്തിന് വകകൊള്ളിച്ച 170.57 ലക്ഷം രൂപയിൽ 131 ലക്ഷം രൂപ ചെലവായി.

റോഡ് വികസനത്തിന് 127 ലക്ഷം രൂപ വകയിരുത്തി. 157.25 ലക്ഷം രൂപ ചെലവായി.

(സി) 24.

(ഡി) ഈ പദ്ധതി 1986 സെപ്റ്റംബറിൽ പൂർത്തിയാകുന്നതുകൊണ്ട് ഇനിയും പുതിയ പദ്ധതികളൊന്നും ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : ഈ പദ്ധതി അനുസരിച്ച് ഉൾപ്പെടുത്തിയിരുന്ന ഏതെങ്കിലും റോഡുപണി ഒഴിവാക്കിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനു കാരണമെന്താണ് ? അത് ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ?

ശ്രീ. എ. എൽ. ജേക്കബ് : ആദ്യം അംഗീകരിച്ച 32 റോഡുകളുടെ പണികളിൽനിന്ന് മൂന്നെണ്ണം ഒഴിവാക്കി. അവയുടെ എസ്റ്റിമേറ്റ് തുക കൂടിപ്പോയതുകൊണ്ടാണ് ഒഴിവാക്കിയത്. മലപ്പുറം ജില്ലയിൽ കടുങ്ങല്ലൂർ-ചാലിയപുരം റോഡ്, തരാട്ടുമേൽ-മമ്പാട് റോഡ്, കിണറടപ്പൻ-വടക്കുംപോയിൽ റോഡ് എന്നിവയാണ് ഒഴിവാക്കിയ റോഡുകൾ.

ശ്രീ. കെ. എസ് നാരായണൻ നമ്പൂതിരി : ഓരോ ജില്ലയിലും ഉണ്ടാക്കിയിട്ടുള്ള റോഡുകളുടെ ജില്ല തിരിച്ചുള്ള എണ്ണം പറയാമോ ?

ശ്രീ. എ. എൽ. ജേക്കബ് : ജില്ല തിരിച്ചുള്ള റോഡുകളുടെ എണ്ണം. കാസർകോട്—5, കണ്ണൂർ—7, പാലക്കാട്—9, കോഴിക്കോട്—2, മലപ്പുറം—9.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : മൂന്നു റോഡുകൾ ഒഴിവാക്കിയെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇവയ്ക്കു പകരം മറ്റു റോഡുകൾ ഏറ്റെടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവ ഏതെല്ലാം എന്നു വ്യക്തമാക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : പകരം മൂന്നു റോഡുകൾ എടുത്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പറമ്പിൻപടി—പുല്ലു പറമ്പിൽ—പായങ്ങാടി റോഡ് അറക്കോട്—ചെറുശ്ശൂർ—പാലക്കാട് റോഡ്, കണ്ണൂർ ജില്ലയിൽ വെള്ളാട്—ആശാൻകവല റോഡ് എന്നീ മൂന്നു റോഡുകളാണ് പകരം എടുത്തിട്ടുള്ളത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : റോഡുകൾ ഏറ്റെടുക്കുന്ന കാര്യത്തിൽ വയനാട് ജില്ലയോട് വളരെയേറെ വിവേചനം കാണിച്ചിരിക്കുന്നു. അത് ഇനി പരിഹരിക്കാൻ വല്ല മാർഗ്ഗവും ഉണ്ടോ ? ഉണ്ടെങ്കിൽ നടപടി എടുക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : വിവേചനം കാണിച്ചിട്ടില്ല. കൂടുതൽ റോഡുകൾ ഉണ്ടാക്കുന്നതിനു വേണ്ട കാര്യം ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സംസ്ഥാനത്ത് ഏറ്റവുമധികം കശുമാവ് കൃഷിക്കാരുള്ള ഒരു മേഖലയാണ് എന്റെ നിയോജകമണ്ഡലം. കണ്ണൂർ ജില്ലയിൻ വെള്ളാട്—ആശാൻകവല റോഡ് ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പറഞ്ഞു. കൂടുതലായി കശുമാവ് കൃഷി വികസനത്തിന് സാദ്ധ്യതയുള്ള ആ പ്രദേശത്തിന്റെ താല്പര്യം കണക്കിലെടുത്തുകൊണ്ട് വെള്ളാട്—ആശാൻകവല റോഡിന്റെ പണി എത്രയുംവേഗം ആരംഭിക്കുമോ ? റോഡിന്റെ പണി താമസിക്കുന്നതിനുള്ള കാരണം എന്താണെന്നു വെളിപ്പെടുത്തുമോ ?

ശ്രീ. എ. എൽ. ജേക്കബ് : പുതുതായി ഉൾപ്പെടുത്തിയ റോഡുകൾക്ക് കേന്ദ്രഗവൺമെന്റിന്റേയും ലോകബാങ്കിന്റേയും അനുമതിക്കുവേണ്ടി ആവശ്യപ്പെട്ടിരിക്കുകയാണ്. അതു കിട്ടുന്നതിനു കാലതാമസം വന്നതുകൊണ്ടാണ് റോഡുപണി തുടങ്ങാൻ സാധിക്കാതെ വരുന്നത്.

ശ്രീ. കെ. കെ. തോമസ് : പുതിയ കശുമാവ് തോട്ടങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഗവൺമെൻറിൽനിന്നും ചെയ്യാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. എ. എൽ. ജേക്കബ് : ഒരു ഹെക്ടറിന് 5210 രൂപ വായ്പയും 900 രൂപ സബ്സിഡിയും കിട്ടുന്നുണ്ട്. പക്ഷേ ഈ പ്രോജക്ടിന്റെ കാലാവധി 1985 സെപ്റ്റംബർ 30 വരെയായിരുന്നു. അതിനകം ലക്ഷ്യം പൂർത്തിയാക്കാൻ കഴിയാതിരുന്നതുമൂലം കാലാവധി 1988 സെപ്റ്റംബർ 30 വരെ മാത്രം നീട്ടിയതുകൊണ്ട് ഈ പദ്ധതിയുടെ പ്രവർത്തനം ഇനി വ്യാപിപ്പിക്കാൻ സാദ്ധ്യമല്ല.

ശ്രീ. പന്തളം സുധാകരൻ : ആദ്യത്തെ ലിസ്റ്റിൽനിന്നു മൂന്നു റോഡുകൾ ഒഴിവാക്കിയതായി കാണുന്നു. ഈ ഒഴിവാക്കിയ റോഡുകളിൽ കൂടുതൽ കശുമാവിൻ തോട്ടങ്ങളുള്ള എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു റോഡ് ഉൾപ്പെടുന്നു. മലപ്പുറം ജില്ലയിൽ മൂന്നു റോഡുകൾ ഒഴിവാക്കിയതിനുപകരം ഉൾപ്പെടുത്തിയപ്പോൾ രണ്ടു റോഡുകളാണ് ഉള്ളത്. ഒരു റോഡ് കുറയ്ക്കുവാനുള്ള കാരണമെന്താണെന്നു വ്യക്തമാക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ആദ്യത്തെ ലിസ്റ്റിൽ 32 റോഡുകൾ ഉൾപ്പെടുത്തിയതിൽ മലപ്പുറം ജില്ലയിൽ 10 റോഡുകളായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. ഇപ്പോൾ പകരം എടുത്തിട്ടുള്ളതിൽ മലപ്പുറം ജില്ലയിൽ രണ്ടു റോഡുകളാണ്. അതുകൊണ്ട് മലപ്പുറം ജില്ലയുടെ വിഹിതം കുറഞ്ഞുപോയി എന്ന പരാതിക്ക് അവകാശമില്ല. പുതുതായി ഉണ്ടായ കശുമാവ് തോട്ടങ്ങളുടെ എണ്ണവും അവയുടെ കിടപ്പും മാറും കണക്കിലെടുത്താണ് ഈ സ്കീമിൽ റോഡുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല ലോക ബാങ്കിന്റെ അപ്രൈസൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് റോഡുകൾ തെരഞ്ഞെടുക്കുന്നത്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതിക്കുവേണ്ടി ലോക ബാങ്കിൽനിന്നും എത്ര കോടി രൂപയാണ് ഇതുവരെ ലഭിച്ചത്, കേന്ദ്രഗവൺമെൻറിൽനിന്നും സഹായം വല്ലതും ലഭിച്ചിട്ടുണ്ടോ ? മാത്രമല്ല കാഷ്യൂ ഡവലപ്പ്മെൻറിനു വേണ്ടിയുള്ള പദ്ധതിയിൽ റോഡ് നിർമ്മാണത്തിനു അമിതമായ പ്രാധാന്യം നൽകി കാണുന്നു. ഇതിന്റെ കാരണമെന്താണെന്നു വ്യക്തമാക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : മൗണ്ടി കാഷ്യൂ ഡവലപ്പ്മെൻറ് സ്കീമിൽ പ്രൈവറ്റ് മേഖലയിൽ ചെലവഴിക്കാനുള്ള തുക പ്രത്യേകമായുണ്ട്. പൊതു മേഖലയിൽ പ്ലാൻേറഷൻ കോർപ്പറേഷനും പ്രത്യേകം തുകയുണ്ട്. ഈ രണ്ടു തുകകളും എത്രവീതമുണ്ട് ? അത് എത്രവീതം ചെലവഴിച്ചു എന്നും പറയുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ആദ്യത്തെ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ : ചോദ്യം 51. ഡോ. സുബ്ബറാവു

ഡോ. സുബ്ബറാവു : ഞാൻ ചോദ്യം ചോദിക്കുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : രാജ്യരക്ഷാ നിയമങ്ങളെ ലംഘിക്കുന്ന മന്ത്രിമാരുടെ ചോദ്യങ്ങളും ചോദിക്കുന്നില്ല. ഇദ്ദേഹത്തിന് ഭരണഘടനാപരമായി മറുപടി പറയാനർഹതയില്ല. മന്ത്രിയായിരിക്കാനും മറുപടി പറയാനും അർഹത നഷ്ടപ്പെട്ട ശ്രീമാൻ ബീരാൻ മറുപടി പറയരുത്. രാജ്യരക്ഷാ നിയമം ലംഘിച്ച് ചാര പ്രവൃത്തിക്ക് കൂട്ടുനിന്ന മന്ത്രിയാണിദ്ദേഹം. അതുകൊണ്ട് ഇദ്ദേഹത്തിന് മന്ത്രിയായി തുടരാൻപോലും അർഹതയില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : രാജ്യദ്രോഹിയായ മന്ത്രി അവിടെ തുടരുന്നതിനെ ഞങ്ങളും പ്രതിഷേധിക്കുന്നു.

(ബഹളം)

മി. സ്പീക്കർ : ഇത് ഇവിടെ ഇന്നലെ ചർച്ച ചെയ്ത വിഷയമാണ്. തന്നെയുമല്ല ഇനിയും മറ്റു പല ഫോമിൽക്കൂടി ചർച്ച ചെയ്യാനുള്ള അവസരങ്ങളും ഉണ്ടല്ലോ. പക്ഷേ ഒരു ചോദ്യത്തിന് മറുപടി പറയാൻ അനുവദിക്കുകയില്ലെന്ന് പറയുന്നത് ശരിയല്ല. ആ സമീപനം തെറ്റാണ്. ബഹുമാനപ്പെട്ട സുബ്ബറാവു ഉൾപ്പെടെയുള്ള അംഗങ്ങളും ചോദ്യം ചോദിക്കുന്നില്ലെന്ന് പറഞ്ഞു. ചോദ്യം ചോദിക്കാനും ചോദിക്കാതിരിക്കാനും നിങ്ങൾക്ക് അവകാശമുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : അങ്ങ് നിയമസഭാ ചട്ടമാണ് പറയുന്നത്. നിയമസഭാചട്ടങ്ങളേക്കാളും വലിയ രാജ്യരക്ഷാ ചട്ടം ലംഘിച്ചയാളാണ് ഈ മന്ത്രി.

മി. സ്പീക്കർ : എല്ലാ ചട്ടങ്ങൾക്കും പ്രാധാന്യമുണ്ട്. ചെയർ നിയമസഭാ ചട്ടങ്ങളെ മാനിച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ് : ചോദ്യം നടക്കട്ടെ. മുഖ്യമന്ത്രിയോ ഉപമുഖ്യമന്ത്രിയോ ചോദ്യത്തിന് മറുപടി പറയട്ടെ.

മി. സ്പീക്കർ : നിയമസഭാ ചട്ടങ്ങളാണ് ചെയറിനെ നയിക്കുന്നത്. നിയമസഭാ ചട്ടങ്ങളെ മാനിക്കാതിരിക്കാൻ നിവൃത്തിയില്ല.

പുതിയ റേഷൻ കാർഡുകൾ

* 48. [52] ശ്രീ. ടി. എച്ച്. മുസ്തഫ :
,, കെ. മുഹമ്മദാലി :
,, തച്ചടി പ്രഭാകരൻ :
,, കെ. രാഘവൻ മാസ്റ്റർ :
,, രമേശ് ചെന്നിത്തല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly